**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2343** **07.02.2019 ൽ മറുപടിക്ക്.**

## ചരക്ക് സേവന നികുതി ആനുകൂല്യം ഉപഭോക്താവിന് ലഭ്യമാകുന്നില്ലെന്ന പരാതി

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാകുമെന്നുമുള്ള വിലയിരുത്തൽ യാഥാർത്ഥ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ വിലയിരുത്തൽ തെറ്റാനുണ്ടായ സാഹചര്യമെന്താണ്; | (എ) | മുൻപ് നിലവിലുണ്ടായിരുന്ന ബഹുവിധ നികുതികളും ഏകീകരിച്ചുകൊണ്ട് നടപ്പിലാക്കിയ ജി.എസ്.ടി നികുതി സമ്പ്രദായം ഉല്പന്നങ്ങളുടെ നികുതി നിരക്കുകൾ കുറയുന്നതിനും അതിലൂടെ വിലകളിൽ ഗണ്യമായ കുറവുണ്ടാകും എന്നും ആയിരുന്നു പ്രതീക്ഷിച്ചത്, എന്നാൽ നികുതിയിലുണ്ടായ കുറവിന്റെ ആനുകൂല്യം പൂർണ്ണമായ തോതിൽ വിലയിൽ പ്രതിഫലിച്ചതായിക്കാണാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ പുതിയ നികുതി പരിഷ്കരണം മൂലം വന്നിട്ടുള്ള കുറവ് ഉപഭോക്താക്കൾക്ക് നൽകാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ആന്റി പ്രോഫിറ്റീയറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ അതോറിട്ടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ; | (ബി) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ചരക്കുസേവന നികുതി സമ്പ്രദായം പൊതുവേ ഗുണകരമാണെന്നാണ് വിലയിരുത്തപ്പെടുന്നത്, കാരണം മുൻപുണ്ടായിരുന്ന നികുതി സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി അന്തിമ ഉപഭോക്താവിന്റെ സംസ്ഥാനത്തിനാണ് നികുതിയുടെ ആനുകൂല്യം ലഭിക്കുക. ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തു നിന്നും വാങ്ങുന്ന സാധനത്തിനും. ഉപഭോക്താവിന്റെ ബില്ലിൽ കാണിക്കുന്ന മേൽവിലാസം കേരളത്തിലേതാണെങ്കിൽ |

| | | | |
|---|---|---|---|
| | | | അതിനുള്ള നികുതി കേരളത്തിനുതന്നെ ലഭിക്കുന്നുവെന്നതാണ് ഇതിന്റെ മേന്മ. അതുപോലെ വ്യാപാരികളുടെ അന്തർ സംസ്ഥാന വാങ്ങലുകളുടെ നികുതിയും നമ്മുടെ സംസ്ഥാനത്തിനു തന്നെ ലഭിക്കും. കൂടാതെ മുൻപ് കേന്ദ്ര സർക്കാർ മാത്രം പിരിച്ചിരുന്ന സേവന നികുതിയും അതാതു സംസ്ഥാനത്തിനു തന്നെ ലഭിക്കുമെന്ന ഗുണം കൂടിയുണ്ട്.<br>എന്നാൽ ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം നികുതി നിരക്കിൽ വരുത്തിയ കുറവ് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തെ കാര്യമായ രീതിയിൽ ബാധിക്കുകയുണ്ടായി. ഇത് പ്രതീക്ഷിത വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചു. ജി.എസ്.ടി നടപ്പിൽ വന്നതോടുകൂടി നികുതി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയത്, കേരളത്തിലേയ്ക്കുള്ള ചരക്കു നീക്കം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും ബില്ലുകളിലെ കൃത്രിമം കണ്ടെത്തുന്നതിനും വിഘാതമായിത്തീർന്നിരിക്കുന്നു. IGST ബില്ലുകൾക്കു പകരം CGST/ SGST ബില്ലുകൾ നൽകുന്നതും, ബില്ലുകളിലെ അളവിലും തുകയിലും കൃത്രിമം കാട്ടിയും നികുതി വെട്ടിപ്പിനുള്ള ശ്രമങ്ങൾ നടക്കുന്നതായിക്കണ്ടിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനും ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ ഇ-വേ ബിൽ സമ്പ്രദായവും നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (സി) | വിതരണം ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും | (സി) | ജി.എസ്.ടിയിലൂടെ നികുതി നിരക്കുകളിൽ വന്ന കുറവിന്റെയും, തങ്ങൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉല്പാദകരും വ്യാപാരികളും ഉപഭോക്താക്കൾക്ക് പൂർണ്ണമായും കൈമാറിയിട്ടില്ല എന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ജി.എസ്.ടി നിയമപ്രകാരം |

| | | | |
|---|---|---|---|
| | ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള ഇടപെടലാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | | തന്നെ ഒരു അമിത ലാഭ നിരോധന അതോറിറ്റി രൂപീകരിച്ചിട്ടുള്ളതും ഈ അതോറിറ്റി മുൻപാകെ ഇത്തരം കേസുകൾ തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**